"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - 2020 - 21 അധ്യയന വർഷത്തിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്കുള്ള ഒന്ന്, രണ്ട്, മൂന്ന് വാല്യം പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കിയ വകയിൽ കേരള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റിക്ക് (കെ.ബി.പി.എസ്) അച്ചടിക്കൂലിയായി 18,99,30,295/- (പതിനെട്ട് കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി മുപ്പതിനായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) രൂപയുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.8274/2022/GEDN തീയതി,തിരുവനന്തപുരം, 21-12-2022

---

പരാമർശം:-
1. സ.ഉ (കൈ) നം. 84/2016/പൊ.വി.വ തീയതി, 20/05/2016
2. സ.ഉ (സാധാ) നം.4038/2019/പൊ.വി.വ തീയതി, 09/10/2019
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17/11/2022 ലെ സി/63/2021/ടിബിഒ നമ്പർ കത്ത്

## ഉത്തരവ്

2020 - 21 അധ്യയന വർഷം സംസ്ഥാനത്തെ ഒന്നു മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും വാങ്ങി സമയബന്ധിതമായി പാഠപുസ്തക അച്ചടി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് കേരള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റിയെ (കെ.ബി.പി.എസ്) ചുമതലപ്പെടുത്തികൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) പ്രകാരം പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട എല്ലാ ബില്ലുകളും ഗവ. പ്രസ്സ് സൂപ്രണ്ടിന്റെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2) 2020 - 21 അധ്യയന വർഷത്തെ ഒന്ന് ,രണ്ട്, മൂന്നു വാല്യം പാഠപുസ്തകങ്ങളും അച്ചടിച്ച വകയിൽ അച്ചടിക്കൂലിയായി 21,34,58,428/- (ഇരുപത്തിയൊന്ന് കോടി മുപ്പത്തിനാല് ലക്ഷത്തി അമ്പത്തിയെട്ടായിരത്തി നാനൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് കെ.ബി.പി.എസ് സമർപ്പിച്ച ഇൻവോയിസുകൾ പരിശോധിച്ച് പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അച്ചടി വകുപ്പ് സൂപ്രണ്ടിന്റെ പരിശോധനയ്ക്ക് ശേഷം, 2020-21 അധ്യയനവർഷത്തെ റീ - കൺസിലിയേഷൻ കണക്കുകൾ ക്രമീകരിക്കപ്പെട്ടിട്ടില്ലാത്തതിനാലും സ്റ്റോക്ക് വിവരങ്ങൾ, ഡെലിവറി ചെലാനുകൾ ടെക്സ്റ്റ് ബുക്ക് മോണിറ്ററിംഗ് സിസ്റ്റവുമായി ടാലി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നതിനാലും അനുവദനീയമായ തുകയുടെ 10% നിലനിർത്തി ബാക്കിതുകയായ 18,99,30,295/- (പതിനെട്ട് കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി മുപ്പതിനായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) കെ.ബി.പി.എസിന് അനുവദിച്ചു നൽകുന്നതിന് പരാമർശം (3)

പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവിലെ 1 മുതൽ 9 വരെയുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ചുകൊണ്ട് നടപ്പ് സാമ്പത്തിക വർഷത്തെ 2202-02-106-99-00-34-03 NV എന്ന ശീർഷകത്തിൽ നിന്നും 2020-21 അധ്യയന വർഷം കെ.ബി.പി.എസിന് നൽകാനുള്ള അച്ചടിക്കൂലിയായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്ത തുകയായ 18,99,30,295/- (പതിനെട്ട് കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി മുപ്പതിനായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി
പാഠപുസ്തക ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
സ്റ്റോർസ് പർച്ചേസ് വകുപ്പ്
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Namitha T
Date: 22-12-2022 11:03:52
സെക്ഷൻ ഓഫീസർ